(സി) ഏതെങ്കിലും ധനകാര്യ സ്ഥാപനത്തെ ഈ പദ്ധതിയുടെ പൂർത്തീകരണത്തിനായി സമീപിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഡി) ഈ ശുദ്ധജലവിതരണ പദ്ധതി എപ്പോൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇ.പി.സി.എം (എൻജിനീയറിംഗ് പ്രൊക്യൂയർമെന്റ് കൺസ്ട്രക്ഷൻ ആന്റ് മാനേജ്മെന്റ്) കോൺട്രാക്ട് രീതി ഉൾപ്പെടുത്തി ടെണ്ടർ ചെയ്യുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) 169.95 ലക്ഷം രൂപ.

(സി) ഇല്ല.

(ഡി) 2002 ഡിസംബറിൽ

പള്ളിക്കുന്നേൽ പഞ്ചായത്തിലെ ശുദ്ധജലവിതരണം

40 (872) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണിമലയാറ്റിൽ നിന്നും വെള്ളമെടുത്ത് ശുദ്ധീകരിച്ച് പള്ളിക്കുന്നേൽ പഞ്ചായത്തിൽ വിതരണം ചെയ്യുന്ന സ്കീമിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എത്രയും വേഗം കേന്ദ്രാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ സ്കീം എത്രയും വേഗം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മണിമലയാറ്റിൽ നിന്നും വെള്ളമെടുത്ത് നടപ്പാക്കുന്ന പദ്ധതിയായ മണിമലയും സമീപ വില്ലേജുകൾക്കുമുള്ള ശുദ്ധജലവിതരണ പദ്ധതി ഫെയ്സ് 2-ന് (എൽ.ഐ.സി.എയ്ഡഡ്) 627 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പള്ളിക്കത്തോട് പഞ്ചായത്ത് ഈ പദ്ധതിയിൽപ്പെട്ടതാണ്. (പള്ളിക്കുന്നേൽ ജില്ല).

(സി) സ്വീകരിച്ചുവരുന്നു.

ഓടുപാറ ശുദ്ധജലവിതരണ പദ്ധതി

41 (874) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) പരുതൂർ പഞ്ചായത്തിലെ ഓടുപാറ ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത പദ്ധതിക്ക് എന്തു തുക ചെലവാക്കിയിട്ടുണ്ട് ;

(സി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നത് അറിയിക്കുമോ ?

ഉത്തരം

(എ) പരതൂർ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിക്ക് എ.ആർ.പി. സ്കീമിൽ 1993-ൽ 135 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി. തൃതപ്പുഴയിൽ ഗ്യാലറി നിർമ്മിച്ച് ഇൻടേക്വെല്ലുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇൻടേക്വെല്ലിന്റെ അടിഭാഗം ചെളിയായതിനാൽ ബലപ്പെടുത്താനായി വർക്ക് അറേഞ്ചു ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് ആവശ്യമായ 200 എം.എം.എ.സി. പൈപ്പ് സ്ഥാപിക്കുന്ന പണി 2750 മീറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. റെയിൽവെ ക്രോസിംഗിന് അനുമതി തേടിയിട്ടുണ്ട്. 2.95 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല സംഭരണിയുടെ പണി പൂർത്തിയായിട്ടുണ്ട്. 36.497 കി.മീറ്റർ വിതരണ ശൃംഖലയിൽ 90% പൂർത്തീകരിച്ചു. 3½ കി.മീറ്റർ പൈപ്പുകൾ കൂടി ലഭ്യമാക്കാനുള്ള നടപടി എടുത്തിട്ടുണ്ട്. ഈ പദ്ധതിക്കാവശ്യമായ മോട്ടോർ പമ്പ് സെറ്റിന് ടെണ്ടർ വിളിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. പമ്പ് ഹൗസ്, ഫുട്ട് ബ്രിഡ്ജ് എന്നിവക്ക് ടെണ്ടർ വിളിച്ചിട്ടുണ്ട്. പമ്പ് ഹൗസിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

(ബി) 126.93 ലക്ഷം രൂപ.

(സി) 31-12-2000-ൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നു.

തൊഴിൽ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

42 (875) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻഎന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) തൊഴിൽ വകുപ്പിന്റെ കീഴിൽ ആവശ്യമായ ജീവനക്കാരില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) തൊഴിൽ വകുപ്പിൽ ഏതെല്ലാം ഓഫീസർ തസ്തികകളിലാണ് നേരിട്ട് നിയമനം നടത്തുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഡി) പൊതുവിഭാഗത്തിലും വകുപ്പുതല സംവരണം വഴിയും ഇങ്ങനെ സ്ഥിരപ്പെടുത്തുന്നതിന് വേണ്ട യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly